ലുള്ള കൃഷി ഉറപ്പാക്കൽ, ചെറുകിട യന്ത്രവൽക്കരണം എന്നിവയും സർക്കാരിന്റെ സഹായങ്ങളാണ്.

94 (412) കൃഷിനാശം നേരിട്ട കർഷകർക്ക് സഹായം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഇ.എം. ആഗസ്തി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർ ഏതെല്ലാം വിധത്തിലുള്ള കൃഷി നടത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) നിർദ്ദേശം നൽകിയ പ്രകാരമുള്ള കൃഷി ചെയ്യുന്ന കർഷകർക്ക് കൃഷിനാശം ഉണ്ടാകുന്നപക്ഷം മുഴുവൻ നഷ്ടപരിഹാരവും ഗവൺമെന്റ് നൽകുമോ;

(ഡി) സർക്കാർ നിർദ്ദേശിക്കാത്ത ഇനത്തിൽപ്പെടുന്ന കൃഷി ചെയ്യുന്നവർക്ക് സഹായം ലഭിക്കാൻ അർഹതയുണ്ടോ;

(ഇ) ഭൂമിയുടെ സ്വഭാവം, ജലസേചന സൗകര്യം മുതലായവ മുൻനിറുത്തി ചെയ്യുന്ന കൃഷികൾക്കും സഹായം നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)ഇല്ല

(സി) കൃഷിവകുപ്പ് 25 ഇനം കാർഷികവിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ഡി)&(ഇ) ഉദിക്കുന്നില്ല.

95 (413) റബ്ബർ സംഭരണ പദ്ധതി

ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ചെറുകിട നാമമാത്ര കർഷകരിൽ നിന്നും റബ്ബർ സംഭരിക്കുന്ന പദ്ധതി ആരംഭിച്ചു കഴിഞ്ഞുവോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ ഏതൊക്കെ പ്രദേശങ്ങളിലെ വെയർ ഹൗസിംഗ് കോർപ്പറേഷനുകളാണ് റബ്ബർ സംഭരണം ആരംഭിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോർപ്പറേഷൻ മുഖേന സംഭരിക്കുന്ന റബ്ബറിന് എന്ത് വില നൽകുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഫീൽഡ് വെയർഹൗസുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ;

(എഫ്) എങ്കിൽ ഫീൽഡ് വെയർഹൗസുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ജി) സംസ്ഥാനത്ത് സംയോജിത കാർഷികോത്പാദന വായ്പാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(എച്ച്) സംയോജിത കാർഷികോൽപ്പന്ന വായ്പാ പദ്ധതിയിൽ അംഗത്വമെടുക്കുന്ന റബ്ബർ കർഷകർക്ക് എന്തെങ്കിലും ആനുകൂല്യം നൽകി വരുന്നുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഐ) സംയോജിത കാർഷികോൽപ്പന്ന വായ്പാ പദ്ധതിയിൽ കൂടുതൽ റബ്ബർ കർഷകരെ അംഗമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരംഭിച്ചു കഴിഞ്ഞു.

(ബി) 2000 ജനുവരി 11-ാം തീയതി കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി സബ് ഡിപ്പോയിൽ റബ്ബർ സംഭരണം ആരംഭിച്ചു കഴിഞ്ഞു. ഇതിനകം ഏകദേശം 105 ടൺ റബ്ബർ സംഭരിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി) തളിപ്പറമ്പ്, ഇരിട്ടി, കാഞ്ഞങ്ങാട്, തിരുവമ്പാടി, മഞ്ചേരി, നിലമ്പൂർ, പെരിന്തൽമണ്ണ, വടക്കാഞ്ചേരി, പട്ടിക്കാട്, ആമ്പല്ലൂർ, മൂവാറ്റുപുഴ, പൊൻകുന്നം, ഏറ്റുമാനൂർ, നെൽപുഴ, പാല, പുനലൂർ, പത്തനംതിട്ട, നെടുമങ്ങാട് എന്നിവിടങ്ങളിൽ സംഭരണം ആരംഭിച്ചിട്ടുണ്ട്.

(ഡി) ആർ.എസ്.എസ്.4 ഗ്രേഡ് റബ്ബർ, കൊച്ചി മാർക്കറ്റ് വിലയെക്കാൾ ഒരു കിലോഗ്രാമിന് 50 പൈസ കൂടുതൽ നൽകിയാണ് കർഷകരിൽ നിന്നും വാങ്ങുന്നത്.

(ഇ) , ഉദ്ദേശമുണ്ട്.

(എഫ്) കർഷകന്റെ സ്വന്തം സ്ഥലത്തുതന്നെ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഉത്തരവാദിത്വത്തിൽ കാർഷികോത്പന്നങ്ങൾ സൂക്ഷിച്ചു വരുന്നതിന് നൽകപ്പെടുന്ന വെയർഹൗസ് രസീതികളുടെ ഈടിന്മേൽ ആവശ്യമെങ്കിൽ കർഷകന് ബാങ്കുകളിൽ നിന്ന് ചുരുങ്ങിയ പലിശ നിരക്കിൽ 75% വരെ ലോൺ ലഭ്യമാക്കുന്നു. സാധാരണഗതിയിൽ വെയർ ഹൗസുകളിൽ ലഭ്യമാകുന്ന കീടനാശിനി പ്രവർത്തനങ്ങൾ തീപിടുത്തം, മോഷണം എന്നിവയ്ക്കെതിരെയുള്ള സൗജന്യ ഇൻഷ്വറൻസ് സംരക്ഷണം എന്നിവ ഈ സ്റ്റോക്കുകൾക്കും ലഭ്യമായിരിക്കും. കയറ്റിറക്ക്, ഗതാഗത ചെലവ് എന്നിവ ലാഭിക്കാനും കർഷകന് സാധിക്കും.

(ജി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സംയോജിത കാർഷികോൽപന്ന വായ്പാ പദ്ധതിയിൽ അംഗത്വമെടുക്കുന്ന ചെറു കർഷകരായ കർഷക മണ്ഡലം അംഗങ്ങൾക്ക് അവർ വെയർഹൗസിൽ സൂക്ഷിക്കുന്ന ഉൽപന്നങ്ങളുടെ സ്റ്റോറേജ് ചാർജ്ജിന് റിബേറ്റ് അനുവദിക്കുന്നുണ്ട്. റബ്ബർ കർഷകർക്കും ഇതു ബാധകമാണ്.

(ഐ) 2000 ജനുവരി 20 മുതൽ ഫെ. 20 വരെ ഒരു മാസക്കാലം സംയോജിത കാർഷികോൽപ്പന്ന വായ്പ പദ്ധതി പ്രചാരണമാസമായി പ്രഖ്യാപിച്ചുകൊണ്ട് കൂടുതൽ കർഷകമണ്ഡലം അംഗങ്ങളെ ചേർക്കുന്ന പരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുവഴി റബ്ബർ കർഷകരെ ഈ പദ്ധതിയിൽ കൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

96 (414) പുഷ്പകൃഷി വികസനത്തിന് പദ്ധതി

ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഷ്പകൃഷി വികസനത്തിനായുള്ള 201.475 ലക്ഷം രൂപയുടെ ഒരു പദ്ധതി 1995-96 വർഷത്തിൽ ആരംഭിക്കുകയുണ്ടായോ;

(ബി) ഈ പദ്ധതിയുടെ കാലാവധി എത്ര വർഷമായിരുന്നു;

(സി) ഓരോ വർഷവും ഈ പദ്ധതിയ്ക്ക് നീക്കിവച്ച തുകയുടെ വിശദാംശം നൽകുമോ:

(ഡി) പദ്ധതി പ്രകാരമുള്ള തുക ഏതൊക്കെ ഏജൻസികളെയാണ് ഏൽപ്പിച്ചത്; ഓരോ വർഷവും ഓരോ ഏജൻസിക്കും കൊടുത്ത തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ:

(ഇ) ഓരോ ഏജൻസിയും ഓരോ വർഷവും എന്തു തുക വീതം ചെലവാക്കി; ചെലവാക്കിയത് സംബന്ധിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ ഇംപ്ലിമെന്റേഷൻ ഏതൊക്കെ ഉദ്യോഗസ്ഥൻമാരാണ് പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(എഫ്) ഇംപ്ലിമെന്റേഷൻ മോണിറ്റർ ചെയ്യാൻ രൂപീകരിച്ച സ്റ്റേറ്റ്‌ലവൽ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്;

(ജി) ഈ കമ്മിറ്റി പദ്ധതി ഇംപ്ലിമെന്റേഷൻ വിലയിരുത്തിയിട്ടുണ്ടോ എന്നും ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(എച്ച്) 1999-2000-ൽ പുഷ്പകൃഷി വികസനത്തിന് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; ഏതൊക്കെ ഏജൻസി വഴിയാണ് തുക ചെലവ് ചെയ്തത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ആരംഭിക്കുകയുണ്ടായി.

(ബി) മൂന്നുവർഷം

(സി) 1995-96 25.59 ലക്ഷം രൂപ
1996-97 108.4925 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly